(എഫ്) 5-4-2000-ന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പക്കൽ സ്റ്റോക്കുണ്ടായിരുന്ന അരിയത്രയും 1999 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ ഫുഡ് കോർപ്പറേഷൻ ഡിപ്പോകളിൽ നിന്നും ക്വിന്റലിന് 914 രൂപ 05 പൈസ നിരക്കിൽ വാങ്ങിയതാണ്.

പുതുതായി ആരംഭിക്കുന്ന മാവേലിസ്റ്റോറുകൾ

111 (122) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എത്ര മാവേലിസ്റ്റോറുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 300 മാവേലിസ്റ്റോറുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

(ബി) സംസ്ഥാനത്തെ മാവേലിസ്റ്റോറുകൾ നിലവിലില്ലാത്ത എല്ലാ പഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ ആരംഭിക്കുക എന്ന തീരുമാനത്തിന്റെ വെളിച്ചത്തിൽ നടപ്പു സാമ്പത്തിക വർഷത്തിൽ 300 മാവേലിസ്റ്റോറുകൾ പുതുതായി ആരംഭിക്കുന്നതാണ്. ഇത് സംബന്ധിച്ച ഉത്തരവ് 8-6-2000-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

മൂടാടി പഞ്ചായത്തിൽ മാവേലിസ്റ്റോർ സ്ഥാപിക്കാൻ നടപടി

112 (123) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കൊയിലാണ്ടി താലൂക്കിലെ മൂടാടി പഞ്ചായത്തിൽ മാവേലി സ്റ്റോർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാവേലിസ്റ്റോറുകളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും അവ സ്ഥാപിക്കുക എന്ന തീരുമാനം അനുസരിച്ച് ഈ വർഷം 300 പഞ്ചായത്തുകളിൽ കൂടി മാവേലിസ്റ്റോർ ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പാൽ ഉല്പാദനം

113 (124) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ദിവസം എത്ര ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly